• **അനുഭവം**

**വിപണിയുടെ (മാർക്കറ്റ്) വേലിയേറ്റത്തിൽ ക്ഷീണിച്ച് പങ്കുകച്ചവടക്കാരുടെ ഇടങ്ങളായി മാറിയ ചന്തകളെക്കുറിച്ചുള്ള ഒരു കർഷകന്റെ നിരീക്ഷണങ്ങൾ.**

# കൃഷി, വിപണി

കെ.എം. തോമസ്

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാശ്രയ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൃഷിക്കാരന്റെ ഉല്പന്നങ്ങൾ വിൽക്കുന്നതിനായി. ഈ കുറിപ്പ് എഴുതുന്നയാൾ പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുള്ള അത്തരം ഒരു വിപണിയിലെ അംഗമാണ്. കൃഷിയും കൃഷിയുല്പന്ന വിപണനവും പ്രദാനം ചെയ്യുന്ന ഭൂമികയിലെ ഊർജ്ജപ്പകർച്ച നേരിട്ടുകൊണ്ടറിഞ്ഞ ഒരു കൃഷിക്കാരന്റെ കണ്ണിലൂടെ കാണുകയാണ് ഇവിടെ.

ചന്തക്കച്ചവടക്കാരുടെ ഒരുബലഭൂമികയാണ് പത്തനാപുരം വാഴക്കുല ചന്ത. കൃഷിക്കാരന്റെ ബലഹാനിയാണ് അത് ലക്ഷ്യം വയ്ക്കുന്നത്. ഉല്പന്നങ്ങളിറക്കുന്നത്. ഗുണമേന്മ നോക്കൽ, വില ചോദിക്കൽ, വിലപറച്ചിൽ ഇതിലെല്ലാം കച്ചവടക്കാരന്റെ മേൽക്കോയ്മയും ആധിപത്യവുമാണ് പ്രതിദ്ധ്വനിക്കുന്നത്. ഓട്ടോറിക്ഷകളിലോ, ജീപ്പിലോലോ ഉല്പന്നങ്ങളുമായി വന്നിറങ്ങുമ്പോൾ ചുമട്ടുകാരുടെ അകമ്പടിയോടെ കച്ചവടക്കാരുടെ ആ വരവും ഉച്ചത്തിലുള്ള സംസാരവും കൃഷിക്കാരന്റെ വീര്യം കെടുത്തിക്കളയും. ചരക്ക് ഇറക്കിവച്ചു കഴിയുമ്പോൾ കച്ചവടക്കാർ ചരക്കിന്റെ ഒരുനല്പ് നോട്ടം ഉണ്ട്. വാഴക്കുലയാണെങ്കിൽ അത് പൊക്കിയെടുത്ത് കറക്കി, തിരിച്ച്, മറിച്ച് താഴോട്ട് ഒരു ഇടിലാണ്. വെയിലടിക്കാതെ പൊതിഞ്ഞുകെട്ടിയും പോറാതേയും ചതയാതേയും കൊണ്ടിറക്കുന്ന ചരക്ക് കച്ചവടക്കാരൻ എന്ന 'യോഗ്യൻ' ഒറ്റ നിമിഷംകൊണ്ട് അതിനോടു കാണിക്കുന്നത് ഒരുതരം ബലാൽസംഗം. നമ്മുടെ ചങ്കു തകരും. ഒരുകോടി രൂപ തന്നാലും ഈ പന്നന് ഇത് കൊടുക്കത്തില്ല എന്ന് മനസ് പറയും. ചിലപ്പോൾ വില സമ്മതിക്കാതെ തന്നെ അയാൾ അത് എടുത്ത് തന്റെ കുലകൾ കൂട്ടിയിട്ടിരിക്കുന്നതിനകത്തോട്ട് എറിഞ്ഞിരിക്കും. പിന്നെ തിരിച്ചു വയ്പ്പിക്കുന്നത് ഒരു സാഹസമാണ്. പത്തുരൂപ കുറഞ്ഞാലും എങ്ങനെയെങ്കിലും വില ഉറപ്പിച്ചതിനുശേഷം ഉല്പന്നങ്ങൾ കൊണ്ടുവന്ന് തൂക്കിക്കൊടുക്കുവാൻ പറ്റിയാലെന്ന് ഏത് കൃഷിക്കാരനും ആഗ്രഹിച്ചുപോകും. എന്നാൽ അതിനു വില തിരക്കുമ്പോൾ തന്നെ കച്ചവടക്കാരന്റെ തട്ടകത്തിൽ കൃഷിക്കാരന്റെ ബലരാഹിത്യം അനുഭവപ്പെടും. 'ഏത്തന് എന്താണ് വെല മുതലാളി' എന്ന് ചോദിച്ചാൽ വില പറയുന്നതിനു പകരം 'കൊല വെട്ടിക്കോണ്ടു വന്നിട്ടുണ്ടോ' എന്ന മറുചോദ്യമായിരിക്കും. ഇല്ല എന്നു പറഞ്ഞാൽ 'വെട്ടിക്കൊണ്ടുവാ സാറേ നല്ല വെല തരാം' എന്നിട്ടു മൂരി നിവർന്ന് ഒരു ചിരി പാസാക്കും. ആ ശരീരഭാഷയുടേയും പ്രകൃതത്തിന്റേയും മുമ്പിൽ ചൂളുന്ന പ്രതിയോഗിയാണ് കൃഷിക്കാരൻ. 'വെലപറ മുതലാളി' കൃഷിക്കാരൻ കൊഞ്ചും. അങ്ങനെ കച്ചവടക്കാരൻ മനശാസ്ത്രപരമായി തന്റെ ആധിപത്യം ഉറപ്പിച്ചതിനുശേഷമാണ് വില പറയുന്നതും ഉറപ്പിക്കുന്നതും. ന്യായവില കിട്ടുക എന്നതിനേക്കാൾ പ്രധാനം കൃഷിക്കാരന് തന്റെ സ്വത്വ തകർച്ചയെ അതിജീവിക്കുക എന്നതാണ്. കച്ചവടക്കാരന്റെ ബലഭൂമികയിൽനിന്നുകൊണ്ട് അത് ഒരിക്കലും സാദ്ധ്യമല്ല.

പത്തനാപുരം ചന്തയിലെ വാഴക്കുല കച്ചവടം നിയന്ത്രിക്കുന്നത് ഒരു പങ്കുകച്ചവടക്കാരാണ്. പഴം വിൽക്കുന്ന മിക്ക ചില്ലറ വില്പനക്കാർക്കും വേണ്ടി കുലവാങ്ങിച്ച് ഒരുകിലോക്ക് ഒരുരൂപ മാത്രം ലാഭമെടുത്ത് അവർ കടകളി........

..............അവർ സമയം കളഞ്ഞ് ചന്തയിൽ വരേണ്ട കാര്യമില്ല. അഥവാ വന്നാൽ തന്നെ വില താഴത്തി വാങ്ങാനുള്ള വ്യാപാര വശങ്ങളോ നിപുണതകളെ സമ്മർദ്ദ തന്ത്രങ്ങളോ പ്രയോഗിക്കുവാനറിയാത്തതുകൊണ്ട് വില കൂടുതൽ കൊടുക്കേണ്ടിയുംവരും. അതൊഴിവാക്കി പങ്കുകച്ചവടക്കാരെ ഏല്പിച്ച് അവരുടെ സ്ഥിരം കസ്റ്റമേഴ്സായി മാറുന്നു. ആ ബന്ധം മുറുകിയിരിക്കുന്നതിനാൽ കൃഷിക്കാർ നേരിട്ടു കടക്കാർക്ക് ചരക്ക് കൊടുത്താലും അവർ വാങ്ങില്ല. അതുകൊണ്ട് കൃഷിക്കാർ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചന്തയേയും ചന്തക്കാരേയും ആശ്രയിക്കേണ്ടിവരുന്നു–ആശ്രിതബന്ധം ഉറയ്ക്കുന്നു. പങ്കുകച്ചവടക്കാരുടെ ഊർജ്ജം സ്ഥിരമായി കർഷകരിൽനിന്നു ലഭിക്കുന്ന ഉല്പന്നങ്ങളും അതുവാങ്ങുന്ന കടക്കാരുമാണ്. ആ ഊർജമാണ് ചന്തസ്ഥലത്തും പരിസരത്തും പ്രസരിക്കുന്നത്. അങ്ങനെ ചന്തക്കാരുടെ ബാലഭൂമിക കൊഴുക്കുന്നു. ചന്തക്കാരുടെ മേൽക്കോയ്മക്ക് നിദാനമായിരിക്കുന്ന ശരീരഭാഷയും പ്രകൃതവും നിർമ്മിതമായിരിക്കുന്നത് ഈ ബലഭൂമികയുടെ ഊർജ്ജസ്രോതസ്സിൽനിന്നാണ്. കൃഷിക്കാർക്ക് ബലഹാനി ഉണ്ടാക്കുന്നതും ഇതേ ഊർജ്ജസ്രോതസാണ്.

കൃഷിക്കാരുടെ ആശ്രിത ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് വി.എഫ്.വി.സി.കെ കർഷകരുടെ ആഭിമുഖ്യത്തിൽ കലഞ്ഞൂരിൽ വിപണി രൂപീകരിക്കുന്നത്. കൃഷിക്കാരേയും കൃഷിയേയും രക്ഷിക്കുന്നതിന്. ഇത് കൃഷിക്കാരുടെ ബലപ്പകർച്ചക്കും പത്തനാപുരം ചന്തക്കാരുടെ ബലഭൂമികയുടെ ബലക്ഷയത്തിനും നിമിത്തമായി. യഥാർത്ഥത്തിൽ പത്തനാപുരം ചന്തയിലെ കീഴാളാസ്തിത്വത്തിൽ

നിന്നും കൃഷിക്കാർ വിണിയുടെ കർത്തൃത്വം ഏറ്റെടുക്കുക എന്നതിലേക്കാണ്. ലേലംവഴി വിപണനം. വിപണി നേതൃത്വം തീരുമാനിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കച്ചവടക്കാർ ലേലത്തിൽ പങ്കുകൊള്ളണം. മിക്ക കച്ചവടക്കാരും വിപണിയെ ആശ്രയിക്കുവാനും തുടങ്ങി. പത്തനാപുരത്തെ പങ്കുകച്ചവടക്കാരും അവരുടെ കടക്കാർക്കും വേണ്ടി.....

പ്രതിയോഗിയെ നിലപരിശാക്കുന്ന കച്ചവടക്കാരന്റെ ശരീര ഭാഷക്ക് ഒത്തിരി മയംവന്നു. എങ്കിലും ഉപയോഗിക്കുന്ന വാക്കുകളിലും പെരുമാറ്റത്തിലും ചന്ത സംസ്കൃതി കുറെയൊക്കെ ഇടംപിടിച്ചിട്ടുണ്ട്. തൂക്കത്തിൽ മാർജിനെ സംബന്ധിച്ച്, കാളാമുണ്ടത്തിന്റെ നീളം, ലേലം വിളിയിലെ ചില്ലറ അപാകതകൾ, ലേലത്തിൽ പങ്കുകൊള്ളുന്നവരുടെ ശബ്ദം വേണ്ടത്ര കേൾക്കാത്തത്, വിളിച്ചെടുത്ത ഉല്പന്നങ്ങളേല്പ്പിക്കുന്നതിലെ പ്രശ്നം എല്ലാം ഒച്ചവയ്പ്പിലും ചില്ലറ ഉന്തും തള്ളിലും കലാശിക്കുന്നു. ചന്തക്കാരന്റെ ഭൂമികയുടെ ബലക്ഷയം സൃഷ്ടിക്കുന്ന അരക്ഷിതത്വം കൂടിയാകുമ്പോൾ ഒച്ച ഉച്ചത്തിലായില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ. പക്ഷെ അയാൾ നിലനില്ക്കാൻ പുതിയ വഴികൾ തേടുന്നു. വിപണിയുടെ ബലഭൂമികയിലിടപ്പെട്ട്.

കഴിഞ്ഞ 4 വർഷമായി വിപണി പ്രവർത്തിക്കുന്നു. വിപണിയുടെ നിയന്ത്രണം കർഷക സമിതി നേതൃത്വത്തിനാണ്. കൃഷിക്കാർക്ക് അവരുടെ വിപണിയുടെ മേലുള്ള കർത്തൃത്വം ഈ നേതൃത്വം വഴിയാണ് നിലനിൽക്കേണ്ടത്. സമിതി നേതൃത്വത്തിന് ഒരേസമയം വ്യക്തികളായ കൃഷിക്കാരേയും ഉല്പന്നങ്ങൾ വാങ്ങുന്ന കച്ചവടക്കാരേയും വിപണിയുടെ ചിട്ടവട്ടങ്ങൾക്കനുസൃതമായി നടത്തിക്കൊണ്ടുപോകാനുള്ള ഉത്തരവാദിത്വവും അധികാരവുമുണ്ട്. ഈ അധികാരം സമിതി നേതൃത്വത്തെ കൃഷിക്കാരിൽനിന്നും അന്യമായ ഒരു സ്വതന്ത്ര അസ്തിത്വമുള്ള ശക്തിയാക്കി മാറ്റുന്നു. ലേലം വിളിക്കുന്ന നേതാവ് അതിൽ വിപുണനാണെങ്കിൽ വിളി ദോഷം പ്രകടമാക്കാതെ തന്നെ വില താഴ്ത്തുന്നതിനോ ഉയർത്തുന്നതിനോ സാധിക്കും. ടിപ്പു കൊടുക്കുന്ന കച്ചവടക്കാർക്ക് വേണ്ടി അതിസമർത്ഥമായി താഴ്ന്ന വിലക്കു ലേലം ഉറപ്പിക്കുവാൻ സാധിക്കും. പ്രത്യേകമായി പരിഗണിക്കേണ്ട കൃഷിക്കാരുണ്ടെങ്കിൽ അവരുടെ ഉല്പന്നങ്ങൾക്ക് ഉയർന്ന ലേലതുക ഉറപ്പാക്കാനും കഴിയും. ഇതിനെ ചന്തക്കാരൻ മുതലെടുക്കുന്നു. കൃഷിക്കാരനെ വിളിച്ച് വിപണിയിൽ കിട്ടുന്നതിനേക്കാൾ ഒന്നോ രണ്ടോ രൂപ കൂടുതൽ വാഗ്ദാനം ചെയ്യുന്നു. പത്തുചുമപ്പൻ കുലയുള്ള ഒരു കൃഷിക്കാരന് സൗകര്യം ചന്തക്കാരന് കൊടുക്കുന്നതാണ്. വിപണിയിലാണെങ്കിൽ അതിരാവിലെ കൊണ്ടുചെന്ന് ചരക്ക് വയ്ക്കണം. 8 മണിക്ക് തൂക്കണം. എടുത്തുകൊണ്ടുപോയി തൂക്കുന്നതും തിരികെ വയ്ക്കുന്നതുമെല്ലാം അധ്വാനം ഉണ്ടാക്കുന്ന കാര്യമാണ്. പത്തുകുല ഓരോന്നോ ഈരണ്ടോ ആയി തൂക്കണം. ഓരോ തൂക്കത്തിനും 500-600 ഗ്രാം മുൻതൂക്കം കൊടുക്കണം. അങ്ങനെ പത്തുകുലയ്ക്ക് നാലുകിലോയെങ്കിലും മുൻതൂക്കം പോകും-കാളമുളം, പൊട്ടക്കായ് എന്നിങ്ങനെയുള്ള മറ്റിളവുകൾ കൂടാതെ. പിന്നെ, ലേലം കഴിഞ്ഞ് കച്ചവടക്കാരനെ കുലകൾ അയാൾ പറയുന്ന സ്ഥലത്ത് എടുത്തുവച്ച് ഏല്പ്പിക്കണം. തൂക്കിവില ചീട്ടുമായി, പിന്നെചന്ന് ബില്ലെഴുതിപ്പിക്കണം. പണം വാങ്ങുമ്പോൾ പത്തര-പതിനൊന്നുമണിയാകും. പണം ഇല്ലെങ്കിൽ അടുത്ത വിപണിക്ക് വന്ന് കൈപ്പറ്റണം. ഇതിനു പുറമെ സമിതി ഭാരവാഹികളിൽനിന്നുള്ള ശകാരം. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരോ അധ്യാപകരോ ഒക്കെ ആയിട്ടുള്ള കൃഷിക്കാർ കുലകൾ നാലഞ്ചുതവണ പൊക്കുകയും തൂക്കുകയും അതോടൊപ്പമുള്ള ചില താക്കീതുകളുംകൂടി വരുമ്പോൾ അവരുടെ പൊങ്ങച്ചത്തിന്റെ കാറ്റുപോകും. 'ഗോപാലൻ സാറേ നിങ്ങളോടല്ലേ പറഞ്ഞത് ആ കുലകൾ ഇവിടെ വയ്ക്കാൻ. അതിനുപകരം നിങ്ങൾ എവിടെയാ കൊണ്ടുവച്ചത്'? വിപണിയോടുള്ള കൃഷിക്കാരുടെ മമതക്ക് മങ്ങലേറ്റിരിക്കുന്നു. അതേസമയം പണ്ടത്തെ ചന്തയോ ചന്തക്കാരനോ അല്ല ഇന്നത്തേത്. വിപണിയുടെ വേലിയേറ്റത്തിൽ ക്ഷീണിക്കപ്പെട്ടുപോയ ചന്ത. പണ്ടത്തെ ശൗര്യം ഇല്ലാത്ത ചന്തക്കാരൻ. ചന്ത ഇന്ന് കൃഷിക്കാരന്റെ മുമ്പിൽ മറ്റൊരു തുറവിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഒരുവശത്ത് വിപണിയും മറുവശത്ത് ചന്തയും......

... രണ്ടു ചന്ത ഉണ്ടെന്ന് കൃഷിക്കാരന് സമാശ്വസിക്കാം. ആവശ്യമെങ്കിൽ ഒന്നിൽനിന്ന് മറ്റൊന്നിലേക്കു മാറാം. അതാണല്ലോ മാർക്കറ്റ് എക്കോണമി; തെരഞ്ഞെടുക്കാൻ ചന്തകൾ പലത്. ഇപ്പോഴത്തേതെല്ലാം ദുരന്തമായാൽ ഒരു പുതിയ മൂക്കുകയറായി ഒരു പുതിയ വിപണിയെ സർക്കാരിന് നിർമിക്കേണ്ടിവരും. തൽക്കാലം, വിപണിക്കു ചന്തയും ചന്തക്ക് വിപണിയും കയറുകൾ

കയർ

ചന്ത, കയറൂരിയ മാർക്കറ്റ്
ചന്തക്കു കയറായി വിപണി
പക്ഷെ, കയറും ചന്തയായി മാറി.
ഇപ്പോൾ
വിപണിക്കു ചന്തകയറും
ചന്തക്കു വിപണി കയറും.
പണ്ടാരോ പറഞ്ഞതല്ലേ
കയറില്ലാത്തത് മാർക്കറ്റെക്കോണമി
യെന്നും
കയറുള്ളത് സോഷ്യലിസമെന്നും
കയറില്ലാതില്ലിലൊന്നുമേ
കയറുപിരിക്കുന്നതാരെന്നോ
ആരാണതിന്റെനാരെന്നോ
ചോദ്യമരുത്.
നാരുകൾ സ്വയം പിരിയുന്നു
ഞെരിഞ്ഞമരുന്നു
ഇരുപ്പിരിക്കും മുപ്പിരിക്കും.


പ്രിയ കേരളീയം
വായനക്കാരാ/രി,

വരിസംഖ്യ
**240/- രൂപ,**
അയച്ചുതന്ന് സഹകരിക്കുമല്ലോ.
കേരളീയം, കൊക്കാലെ
തൃശൂർ-21.
ഫോൺ : 9446576943, 9446586943,
0487-2421385